പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2638 — 19-12-2012-ൽ മറുപടിക്ക്

ജലവിതരണ പദ്ധതികളുടെ ടെണ്ടർ ക്രമീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മാത്യു റ്റി. തോമസ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പുതിയ ജലവിതരണ പദ്ധതികളുടെ വിവിധ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യുന്നതുമൂലമുണ്ടാകുന്ന കാലതാമസം പദ്ധതികൾ വൈകിപ്പിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ജലവിതരണ പദ്ധതിയുടെ ശേഷി അനുസരിച്ചാണ് ഒന്നിച്ച് ടെണ്ടർ ചെയ്യണമോ, വിവിധ പ്രവൃത്തികൾ പ്രത്യേകമായി ടെണ്ടർ ചെയ്യണമോ എന്ന് തീരുമാനിക്കുന്നത്. ശേഷി കുറഞ്ഞ പദ്ധതികളെ ഒന്നിച്ചും ശേഷി കൂടിയവയെ വെവ്വേറെയും ടെണ്ടർ വിളിക്കുന്നതാണ് അഭികാമ്യം. എന്തെന്നാൽ വിവിധ ജലവിതരണ പദ്ധതികളിൽ ജലശുദ്ധീകരണശാല നിർമ്മാണം, വ്യത്യസ്തതരത്തിലുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ സ്ഥാപിക്കൽ, ജലസംഭരണി നിർമ്മാണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ തുടങ്ങി വ്യത്യസ്ത തരത്തിലുള്ള പദ്ധതികൾ ഉൾ ക്കൊണ്ടിരിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ ജോലികളും ഒരുമിച്ച് ചെയ്ത് തീർക്കാനുള്ള പ്രവർത്തന പരിചയമുള്ള കരാറുകാരുടെ ലഭ്യത കുറവായതു കൊണ്ടാണ് വലിയ ശുദ്ധജലവിതരണ പദ്ധതികളുടെ വിവിധ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യുന്നത്. |

| | |
|---|---|
| (ബി) ഓരോ പദ്ധതിയുടെയും വ്യത്യസ്ത ജോലികൾ ഒരേ സമയം പൂർത്തിയാക്കുന്ന തരത്തിൽ ക്രമീകരിക്കുവാൻ തയ്യാറാകുമോ? | (ബി) ഓരോ പദ്ധതിയുടെയും വ്യത്യസ്ത ജോലികൾ ഒരേ സമയം പൂർത്തിയാക്കുന്ന തരത്തിലാണ് ഇപ്പോഴും ടെണ്ടർ വിളിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ